മലയാളം MALAYALAM مالايالم :

26 ദുൽഹിജ്ജ 1447 ഹജ്‌രി - 12 ജൂൺ 2026-വെള്ളിയാഴ്ച ഖുതുബ

{الرَّحْمَنُ عَلَى الْعَرْشِ اسْتَوَى}

(പരമകാരുണികൻ സിംഹാസനസ്ഥനായിരിക്കുന്നു)

ഖുതുബയുടെ ആരംഭം:

إِنَّ الْحَمْدَ لِلَّهِ، نَحْمَدُهُ ونَسْتَعِينُهُ ونَسْتَغْفِرُهُ، وَنَعُوذُ بِاللهِ مِنْ شُرُورِ أَنْفُسِنَا وَمِنْ سَيِّئَاتِ أَعْمَالِنَا، مَنْ يَهْدِهِ اللهُ فَلَا مُضِلَّ لَهُ، وَمَنْ يُضْلِلْ فَلَا هَادِيَ لَهُ، وَأَشْهَدُ أَن لَّا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ،

തീർച്ചയായും സർവ്വസ്തുതിയും അല്ലാഹുവിന്നാണ്. നാം അവനെ സ്തുതി ക്കുകയും, അവനോട് സഹായം തേടുകയും, അവനോട് പാപമോചനം അർ ത്ഥിക്കുകയും ചെയ്യുന്നു. നമ്മുടെ മനസ്സിന്റെ തിന്മകളിൽ നിന്നും നമ്മുടെ ആചാരങ്ങളുടെ/പ്രവർത്തികളുടെ ദോഷങ്ങളിൽ നിന്നും നാം അല്ലാഹുവി നോട് കാവൽ ചോദിക്കുന്നു. അല്ലാഹു ആരെ നേർവഴിയിലാക്കുന്നുവോ അവനെ വഴിപിഴപ്പിക്കാൻ ആരുമില്ല. അവൻ ആരെ വഴിപിഴവിലാക്കു ന്നുവോ അവനെ നേർവഴിയിലാക്കാനും ആരുമില്ല. ഏകനും പങ്കുകാരില്ലാത്ത വനുമായ അല്ലാഹു അല്ലാതെ ആരാധനയ്ക്ക് അർഹനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി ﷺ അവന്റെ ദാസനും ദൂതനുമാ ണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

{يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنْتُمْ مُسْلِمُونَ} [آل عمران: 102].

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂ ക്ഷിക്കുക.നിങ്ങൾ മുസ്‌ലിംകളായല്ലാതെ മരണപ്പെടരുത്." [ആലു ഇംറാൻ: 102].

പ്രപഞ്ചസൃഷ്ടിപ്പുകളെക്കുറിച്ചുള്ള ചിന്ത

ശേഷം; ഹേ മുസ്‌ലിംകളെ:

തീർച്ചയായും ഈമാൻ (വിശ്വാസം) വർദ്ധിപ്പിക്കുകയും യഖീൻ (ഉറപ്പ്) ശക്തിപ്പെടുത്തുകയും ചെയ്യുന്ന കാര്യങ്ങളിൽ പെട്ടതാണ് അല്ലാഹുവിന്റെ പ്രപഞ്ച സൃഷ്ടികളെക്കുറിച്ചുള്ള ചിന്തയും, അവന്റെ ശരീഅത്ത് നിയമങ്ങള ടങ്ങിയ ദൃഷ്ടാന്തങ്ങളെക്കുറിച്ചുള്ള ആഴത്തിലുള്ള ആലോചനയും. കാരണം, സൃഷ്ടികളുടെ മഹത്വവും അവയുടെ മനോഹരമായ നിർമ്മിതിയും; സൃഷ്ടാ വിന്റെ മഹത്വത്തിലേക്കും അവന്റെ അത്ഭുതകരമായ നിർമ്മാണ വൈ ദഗ്ധ്യത്തിലേക്കുമാണ് വിരൽ ചൂണ്ടുന്നത്. അല്ലാഹു തആല അരുൾ ചെയ്തു:

{ إِنَّ فِي خَلْقِ السَّمَاوَاتِ وَالْأَرْضِ وَاخْتِلَافِ اللَّيْلِ وَالنَّهَارِ لَآيَاتٍ لِأُولِي الْأَلْبَابِ} [آل عمران: 190].

"തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും, രാപ്പകലുകളുടെ മാറിമാറി വരുന്നതിലും വിവേകശാലികളായ ആളുകൾക്ക് വലിയ ദൃഷ്ടാന്തങ്ങളുണ്ട്." [സൂറത്തു ആലു ഇംറാൻ: 190].

അല്ലാഹുവിന്റെ കുർസിയ്യിന്റെ (സിംഹാസനത്തിന്റെ) മഹത്വം

തീർച്ചയായും സൃഷ്ടികളിൽ ഏറ്റവും മഹത്തായ ഒന്നാണ് അത്യുന്നതനായ റബ്ബിന്റെ 'കുർസിയ്യ്'. അല്ലാഹുതആല അതിനെ വിശേഷിപ്പിച്ചുകൊണ്ട് ഇപ്രകാരം അരുൾ ചെയ്തു:

{وَسِعَ كُرْسِيُّهُ السَّمَاوَاتِ وَالْأَرْضَ }. [البقرة: 255]

"അവന്റെ കുർസിയ്യ് ആകാശങ്ങളെയും ഭൂമിയെയും ഉൾക്കൊള്ളാൻ മാത്രം വിശാലമായിരിക്കുന്നു." [സൂറത്തുൽ ബഖറ: 255].

ഈ 'കുർസിയ്യ്' എന്നത് അല്ലാഹു തആലയുടെ ഇരുകാലുകളും വെക്കുന്ന സ്ഥാനമാണ്. ഇബ്നു അബ്ബാസ് (റളിയള്ളാഹു അൻഹുമാ) പറഞ്ഞു:

(الْكُرْسِيُّ مَوْضِعُ قَدَمَيْهِ، وَالْعَرْشُ لَا يُقْدَرُ قَدْرُهُ) [رَوَاهُ الْحَاكِمُ وَصَحَّحَهُ وَوَافَقَهُ الذَّهَبِيُّ]

"കുർസിയ്യ് എന്നത് അവന്റെ ഇരുകാലുകളുടെ സ്ഥാനമാണ്. എന്നാൽ അർശിന്റെ (പരമാധികാര സിംഹാസനത്തിന്റെ) വലിപ്പമാകട്ടെ, അതിന്റെ അളവ് തിട്ടപ്പെടുത്താൻ ആർക്കും സാധ്യമല്ല." [ഹാകിം നിവേദനം ചെയ്തത്, അദ്ദേഹം ഇത് സ്വഹീഹാണെന്ന് രേഖപ്പെടുത്തുകയും ഇമാം ദഹബി അതിനോട് യോജിക്കുകയും ചെയ്തിട്ടുണ്ട്].

ഈ കുർസിയ്യിന്റെ പേരിലാണ് അല്ലാഹുവിന്റെ കിതാബിലെ (ഖുർആനിലെ) ഏറ്റവും മഹത്തായ ആയത്ത് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്. ഉബയ്യ് ബിൻ കഅ്ബ് (റളിയള്ളാഹു അൻഹു) നിവേദനം ചെയ്യുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ ചോദിച്ചു:

« يَا أَبَا الْمُنْذِرِ! أَتَدْرِي أَيُّ آيَةٍ مِنْ كِتَابِ اللَّهِ مَعَكَ أَعْظَمُ؟» قَالَ: قُلْتُ: اللَّهُ وَرَسُولُهُ أَعْلَمُ. قَالَ: «يَا أَبَا الْمُنْذِرِ! أَتَدْرِي أَيُّ آيَةٍ مِنْ كِتَابِ اللَّهِ مَعَكَ أَعْظَمُ؟» قَالَ: قُلْتُ: اللَّهُ لَا إِلَهَ إِلَّا هُوَ الحَيُّ القَيُّومُ. قَالَ: فَضَرَبَ فِي صَدْرِي وَقَالَ: «وَاللَّهِ! لِيَهْنِكَ العِلْمُ أَبَا الْمُنْذِرِ» [مُسْلِمٌ].

"ഹേ അബുൽ മുൻദിർ! അല്ലാഹുവിന്റെ കിതാബിൽ നിന്ന് നിന്റെ പക്കലുള്ളതിൽ വെച്ച് ഏറ്റവും മഹത്തായ ആയത്ത് ഏതാണെന്ന് നിനക്കറിയാമോ?" ഞാൻ പറഞ്ഞു: "അല്ലാഹുവും അവന്റെ റസൂലുമാണ് ഏറ്റവും നന്നായി അറിയുന്നവർ." നബി ﷺ വീണ്ടും ചോദിച്ചു: "ഹേ അബുൽ മുൻദിർ! അല്ലാഹുവിന്റെ കിതാബിൽ നിന്ന് നിന്റെ പക്കലുള്ളതിൽ വെച്ച് ഏറ്റവും മഹത്തായ ആയത്ത് ഏതാണെന്ന് നിനക്കറിയാമോ?" ഞാൻ ഓതിക്കേൾപ്പിച്ചു: "അല്ലാഹു ലാ ഇലാഹ ഇല്ലാ ഹുവൽ ഹയ്യുൽ ഖയ്യൂം... (ആയത്തുൽ കുർസിയ്യ്)". അപ്പോൾ നബി ﷺ എന്റെ നെഞ്ചിൽ തട്ടിക്കൊണ്ട് ഇപ്രകാരം പറഞ്ഞു:

"അല്ലാഹുവാണെ സത്യം, ഹേ അബുൽ മുൻദിർ! ഈ അറിവ് നിനക്ക് മംഗളകരമാകട്ടെ." [മുസ്‌ലിം നിവേദനം ചെയ്തത്].

അല്ലാഹുവിന്റെ അർശിന്റെ മഹത്വം

അല്ലാഹുവിന്റെ ദാസന്മാരേ:

പ്രതാപിയും അത്യുന്നതനുമായ റബ്ബിന്റെ 'കുർസിയ്യ്' ഇത്രത്തോളം വലിയ മഹത്വത്തിൽ എത്തിയിട്ടുണ്ടെങ്കിൽ, ഏഴ് ആകാശങ്ങളെയും ഭൂമികളെയും അത് വലയം ചെയ്തിട്ടുണ്ടെങ്കിൽ; പരമകാരുണികനായ നമ്മുടെ റബ്ബ് അവ ന്റെ ജലാലിനും (പ്രതാപത്തിനും) അളവറ്റ മഹത്വത്തിനും അനുയോജ്യമായ വിധത്തിൽ സ്ഥിതി ചെയ്യുന്ന (ഇസ്തിവാഅ് ചെയ്ത) 'അർശ്' അതിനേക്കാൾ എത്രയോ വലുതും അതിമഹത്തായതുമാണെന്ന് നിങ്ങൾ മനസ്സിലാക്കുക. അല്ലാഹു തആല അരുൾ ചെയ്തു:

{الرَّحْمَنُ عَلَى الْعَرْشِ اسْتَوَى} [طه: 5]

"പരമകാരുണികൻ അർശിന്മേൽ സമരോഹണം ചെയ്തിരിക്കുന്നു (സിംഹാസനസ്ഥനായിരിക്കുന്നു)." [സൂറത്തു ത്വാഹാ: 5].

മറ്റൊരു സൂക്തത്തിൽ അല്ലാഹു അരുൾ ചെയ്തു:

{وَهُوَ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ فِي سِتَّةِ أَيَّامٍ وَكَانَ عَرْشُهُ عَلَى الْمَاءِ } [هود: 7]

"അവനാണ് ആകാശങ്ങളെയും ഭൂമിയെയും ആറു ദിവസങ്ങളിലായി സൃഷ്ടിച്ചവൻ. അവന്റെ അർശ് വെള്ളത്തിന്മേലായിരുന്നു." [ഹൂദ്: 7].

അല്ലാഹു തആല തന്റെ വിശുദ്ധ ഗ്രന്ഥത്തിൽ നിരവധി സ്ഥലങ്ങളിൽ തന്റെ അർശിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. അതിനെ 'മഹത്തായത്' എന്ന് വിശേ ഷിപ്പിച്ചുകൊണ്ട് അവൻ പറഞ്ഞു:

{ اللَّهُ لَا إِلَهَ إِلَّا هُوَ عَلَيْهِ تَوَكَّلْتُ وَهُوَ رَبُّ الْعَرْشِ الْعَظِيمِ}[التوبة: 129]

"അല്ലാഹു; അവനല്ലാതെ യാതൊരു ആരാധനയുമില്ല. അവന്റെ മേൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. അവൻ മഹത്തായ അർശിന്റെ നാഥനാകുന്നു." [സൂറത്തു തൗബ: 129].

ഏറ്റവും ഉന്നതവും ആദരണീയവുമായ വിശേഷണങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാണ് അർശ് എന്ന നിലയിൽ അതിനെ 'കരീം' (ആദരണീയമായത്) എന്നും അവൻ വിശേഷിപ്പിച്ചു:

{فَتَعَالَى اللَّهُ الْمَلِكُ الْحَقُّ لَا إِلَهَ إِلَّا هُوَ رَبُّ الْعَرْشِ الْكَرِيمِ} [المؤمنون: 116].

"യഥാർത്ഥ രാജാവായ അല്ലാഹു അത്യുന്നതനായിരിക്കുന്നു. അവനല്ലാതെ യാതൊരു ആരാധനയുമില്ല. അവൻ ആദരണീയമായ അർശിന്റെ നാഥനാ കുന്നു." [സൂറത്തുൽ മുഅ്മിനൂൻ: 116].

അർശിന്റെ വലിപ്പവും സ്ഥാനവും

ആദരണീയനായ റസൂൽ ﷺ അർശിന്റെ പദവിയെക്കുറിച്ചും അത് എത്രമാത്രം ഭീമാകാരമായ വലിപ്പമുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. അബൂദർറ് (റളിയ ള്ളാഹു അൻഹു) നിവേദനം ചെയ്യുന്നു; നബി ﷺ അരുൾ ചെയ്തു:

«يَا أَبَا ذَرٍّ، مَا السَّمَاوَاتُ السَّبْعُ مَعَ الْكُرْسِيِّ إِلَّا كَحَلْقَةٍ مُلْقَاةٍ بِأَرْضِ فَلَاةٍ، وَفَضْلُ الْعَرْشِ عَلَى الْكُرْسِيِّ كَفَضْلِ الْفَلَاةِ عَلَى الْحَلْقَةِ» [رَوَاهُ ابْنُ حِبَّانَ فِي صَحِيحِهِ].

"ഓ അബൂദർറ്, കുർസിയ്യുമായി താരതമ്യം ചെയ്യുമ്പോൾ ഏഴാകാശങ്ങൾ എന്നത് വിശാലമായ ഒരു മരുഭൂമിയിൽ എറിയപ്പെട്ട ഒരു ചെറിയ മോതിര വളയം പോലെ മാത്രമാകുന്നു. കുർസിയ്യുമായി നോക്കുമ്പോൾ അർശിനുള്ള ശ്രേഷ്ഠതയാകട്ടെ, ആ ചെറിയ വളയവുമായി നോക്കുമ്പോൾ ആ വിശാലമായ മരുഭൂമിക്കുള്ള ശ്രേഷ്ഠത പോലെയാണ്." [ഇബ്നു ഹിബ്ബാൻ തന്റെ സ്വഹീ ഹിൽ നിവേദനം ചെയ്തത്].

അർശ് എന്നത് മുഴുവൻ സൃഷ്ടികളുടെയും മേൽക്കൂരയാണ്; അബൂഹുറൈറ (റളിയള്ളാഹു അൻഹു) നിവേദനം ചെയ്യുന്ന ഹദീസിൽ ഉള്ളതുപോലെ, നബി ﷺ അരുൾ ചെയ്തു:

«فَإِذَا سَأَلْتُمُ اللَّهَ فَسَلُوهُ الْفِرْدَوْسَ، فَإِنَّهُ أَوْسَطُ الْجَنَّةِ، وَأَعْلَى الْجَنَّةِ، وَفَوْقَهُ عَرْشُ الرَّحْمَنِ، وَمِنْهُ تَفَجَّرُ أَنْهَارُ الْجَنَّةِ» [الْبُخَارِيُّ].

"നിങ്ങൾ അല്ലാഹുവോട് ചോദിക്കുകയാണെങ്കിൽ അവനോട് ഫിർദൗസ് (എന്ന സ്വർഗ്ഗം) ചോദിക്കുക. കാരണം അത് സ്വർഗ്ഗത്തിന്റെ മധ്യഭാഗവും ഏറ്റവും ഉയർന്ന ഭാഗവുമാണ്. അതിനു മുകളിലാണ് പരമകാരുണികനായ അല്ലാഹുവിന്റെ അർശ് സ്ഥിതി ചെയ്യുന്നത്. അവിടെ നിന്നാണ് സ്വർഗ്ഗത്തിലെ അരുവികൾ പൊട്ടിയൊഴുകുന്നത്." [ബുഖാരി നിവേദനം ചെയ്തത്].

അതുപോലെ സൃഷ്ടികളിൽ വെച്ച് ഏറ്റവും ഭാരമേറിയതാണ് അർശ്. ഹദീസിൽ ഇപ്രകാരം വന്നിട്ടുണ്ട്:

«سُبْحَانَ اللَّهِ وَبِحَمْدِهِ، عَدَدَ خَلْقِهِ، وَرِضَا نَفْسِهِ، وَزِنَةَ عَرْشِهِ، وَمِدَادَ كَلِمَاتِهِ» [رَوَاهُ مُسْلِمٌ مِنْ حَدِيثِ جُوَيْرِيَةَ رَضِيَ اللهُ عَنْهَا]

"അല്ലാഹുവിന്റെ സൃഷ്ടികളുടെ എണ്ണമത്രയും, അവന്റെ പ്രീതിക്കനുസരി ച്ചും, അവന്റെ അർശിന്റെ തൂക്കത്തോളവും, അവന്റെ വചനങ്ങളെഴുതാ നുള്ള മഷിയോളവും ഞാൻ അല്ലാഹുവെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു." [ജുവൈരിയ (റളിയള്ളാഹു അൻഹ) നിവേദനം ചെയ്ത ഹദീസിൽ നിന്ന് ഇമാം മുസ്ലിം ഉദ്ധരിച്ചത്.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ (റഹിമഹുല്ലാഹ്) പറഞ്ഞു: "അർശി ന്റെ തൂക്കമാണ് എല്ലാ തൂക്കങ്ങളിലും വെച്ച് ഏറ്റവും ഭാരമേറിയത് എന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു."

അർശിന്റെ തൂണുകളും അത് ചുമക്കുന്ന മലക്കുകളും

അല്ലാഹുവിന്റെ ദാസന്മാരേ:

തീർച്ചയായും അല്ലാഹു തആല അർശിന് അത് താങ്ങിനിൽക്കുന്ന തൂണുകൾ നിശ്ചയിച്ചിട്ടുണ്ട്. അബൂസഈദ് അൽഖുദ്‌രി (റളിയള്ളാഹു അൻഹു) നിവേ ദനം ചെയ്യുന്നു; നബി ﷺ അരുൾ ചെയ്തു:

«لَا تُخَيِّرُوا بَيْنَ الأَنْبِيَاءِ، فَإِنَّ النَّاسَ يَصْعَقُونَ يَوْمَ القِيَامَةِ، فَأَكُونُ أَوَّلَ مَنْ تَنْشَقُّ عَنْهُ الأَرْضُ، فَإِذَا أَنَا بِمُوسَى آخِذٌ بِقَائِمَةٍ مِنْ قَوَائِمِ العَرْشِ، فَلَا أَدْرِي أَكَانَ فِيمَنْ صَعِقَ، أَمْ حُوسِبَ بِصَعْقَةِ الأُولَى» [مُتَّفَقٌ عَلَيْهِ].

"നിങ്ങൾ പ്രവാചകന്മാർക്കിടയിൽ ആർക്കാണ് ഔന്നത്യമെന്ന് വേർതിരിച്ചു പറയരുത്. കാരണം ഖിയാമത്ത് നാളിൽ മനുഷ്യരെല്ലാം ബോധരഹിതരായി വീഴുന്നതാണ്. അപ്പോൾ ഭൂമി പിളർന്ന് ആദ്യം പുറത്തുവരുന്നത് ഞാനായി രിക്കും. അപ്പോൾ ഇതാ മൂസാ (നബി) അർശിന്റെ തൂണുകളിൽ ഒന്നിന്മേൽ പിടിച്ചു നിൽക്കുന്നത് ഞാൻ കാണും. അദ്ദേഹം ബോധരഹിതരായി വീണവ രിൽ പെട്ടതാണോ, അതോ (ദുനിയാവിലെ) ആദ്യത്തെ ബോധക്ഷയം കൊണ്ട് അദ്ദേഹത്തിന് ഇതിൽ ഇളവ് നൽകപ്പെട്ടതാണോ എന്ന് എനിക്കറിയില്ല." [ബുഖാരി, മുസ്‌ലിം].

അതുപോലെ അല്ലാഹു തആല അത് ചുമക്കുന്നതിനായി ആദരണീയരായ മലക്കുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്; അല്ലാഹു തആല അരുൾ ചെയ്തു:

{ وَيَحْمِلُ عَرْشَ رَبِّكَ فَوْقَهُمْ يَوْمَئِذٍ ثَمَانِيَةٌ } [الحاقة: 17].

"അന്നേ ദിവസം നിന്റെ രക്ഷിതാവിന്റെ അർശിനെ അവരുടെ (മലക്കുക ളുടെ) മുകളിലായി എട്ട് കൂട്ടർ ചുമക്കുന്നതാണ്." [സൂറത്തുൽ ഹാഖ്ഖ: 17].

ആ മലക്കുകളുടെ സൃഷ്ടിപ്പിന്റെ വലിപ്പം അല്ലാഹുവിന് മാത്രമെ അറിയുക യുള്ളൂ. അല്ലാഹു തആല അരുൾ ചെയ്തു:

{الَّذِينَ يَحْمِلُونَ الْعَرْشَ وَمَنْ حَوْلَهُ يُسَبِّحُونَ بِحَمْدِ رَبِّهِمْ وَيُؤْمِنُونَ بِهِ وَيَسْتَغْفِرُونَ لِلَّذِينَ آمَنُوا } [غافر: 7]

"അർശ് ചുമക്കുന്നവരും അതിന്റെ ചുറ്റുമുള്ളവരും തങ്ങളുടെ രക്ഷിതാ വിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും അവനിൽ വിശ്വസിക്കുകയും, സത്യവിശ്വാസികൾക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുന്നു." [സൂറത്തു ഗാഫിർ: 7].

ജാബിർ ബിൻ അബ്ദില്ല (റളിയള്ളാഹു അൻഹുമാ) നിവേദനം ചെയ്യുന്ന ഹദീ സിൽ നബി ﷺ ഇപ്രകാരം അരുൾ ചെയ്തു:

أُذِنَ لِي أَنْ أُحَدِّثَ عَنْ مَلَكٍ مِنْ مَلَائِكَةِ اللَّهِ مِنْ حَمَلَةِ الْعَرْشِ، إِنَّ مَا بَيْنَ شَحْمَةِ أُذُنِهِ إِلَى عَاتِقِهِ مَسِيرَةُ سَبْعِ مِائَةِ عَامٍ» [أَبُو دَاوُدَ،].

"അർശ് ചുമക്കുന്നവരിൽ പെട്ട അല്ലാഹുവിന്റെ ഒരു മലക്കിനെക്കുറിച്ച് സംസാരിക്കാൻ എനിക്ക് അനുവാദം നൽകപ്പെട്ടിരിക്കുന്നു. തീർച്ചയായും അവന്റെ ചെവിത്തുമ്പിൽ നിന്നും ചുമലിലേക്കുള്ള ദൂരം എഴുന്നൂറ് വർഷത്തെ യാത്രാദൂരമത്രയാകുന്നു." [അബൂദാവൂദ്].

അർശിന്റെ സവിശേഷതകൾ

ഹേ മുസ്‌ലിംകളെ:

അല്ലാഹു തആല അവന്റെ അർശിന് നിരവധി സവിശേഷതകൾ പ്രത്യേകം നൽകിയിട്ടുണ്ട്, മഹത്തായ ഗുണങ്ങൾ കൊണ്ട് അതിനെ ആദരിച്ചിരിക്കുന്നു. അതിൽ പെട്ടതാണ്: സൃഷ്ടികളെ സൃഷ്ടിക്കുന്നതിന് മുൻപ് അല്ലാഹു എഴുതി വെച്ച ആ വലിയ ഉടമ്പടി/തീരുമാനം, അതിന്റെ പ്രാധാന്യവും ഗൗരവവും വെളിപ്പെടുത്താനായി അർശിന് മുകളിലാണ് അവൻ സ്ഥാപിച്ചിരിക്കുന്നത്. അബൂഹുറൈറ (റളിയള്ളാഹു അൻഹു) നിവേദനം ചെയ്യുന്നു; അല്ലാഹു വിന്റെ റസൂൽ ﷺ അരുൾ ചെയ്തു:

«إِنَّ اللَّهَ كَتَبَ كِتَابًا قَبْلَ أَنْ يَخْلُقَ الخَلْقَ: إِنَّ رَحْمَتِي سَبَقَتْ غَضَبِي، فَهُوَ مَكْتُوبٌ عِنْدَهُ فَوْقَ العَرْشِ» [رَوَاهُ الْبُخَارِيُّ].

"തീർച്ചയായും അല്ലാഹു സൃഷ്ടികളെ സൃഷ്ടിക്കുന്നതിന് മുൻപ് ഒരു ഗ്രന്ഥ ത്തിൽ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്: 'തീർച്ചയായും എന്റെ കാരുണ്യം എന്റെ കോപത്തെ മറികടന്നിരിക്കുന്നു'. അത് അവന്റെ പക്കൽ അർശിന് മുകളിലാ യി എഴുതപ്പെട്ടിരിക്കുന്നു." [ബുഖാരി നിവേദനം ചെയ്തത്].

അല്ലാഹു തആല അർശിന് പ്രത്യേകമായി നൽകിയ മറ്റൊരു സവിശേഷത: ശുഹദാക്കളുടെ (രക്തസാക്ഷികളുടെ) ആത്മാക്കൾക്ക് സഞ്ചരിക്കാനും പിന്നീട് വന്ന് വിശ്രമിക്കാനുമായി അർശിൽ തൂക്കിയിട്ടിരിക്കുന്ന വിളക്കുകളെ അവൻ നിശ്ചയിച്ചു എന്നതാണ്. അബ്ദുല്ലാഹിബ്നു മസ്ഊദ് (റളിയള്ളാഹു അൻഹു) നിവേദനം ചെയ്യുന്നു; ശുഹദാക്കളെക്കുറിച്ച് റസൂലുല്ലാഹി ﷺ ഇപ്രകാരം അരുൾ ചെയ്തു:

أَرْوَاحُهُمْ فِي جَوْفِ طَيْرٍ خُضْرٍ، لَهَا قَنَادِيلُ مُعَلَّقَةٌ بِالْعَرْشِ، تَسْرَحُ مِنَ الْجَنَّةِ حَيْثُ شَاءَتْ، ثُمَّ تَأْوِي إِلَى تِلْكَ الْقَنَادِيلِ- مُسْلِمٌ].

"അവരുടെ ആത്മാക്കൾ പച്ചപ്പക്ഷികളുടെ ഉള്ളിലായിരിക്കും. അവയ്ക്ക് അർശിൽ തൂക്കിയിട്ട വിളക്കുകളുണ്ട്. സ്വർഗ്ഗത്തിൽ അവർ ഉദ്ദേശിക്കുന്നിട ത്തെല്ലാം അവ പറന്നുനടക്കും, പിന്നീട് അവ ആ വിളക്കുകളിലേക്ക് തന്നെ മടങ്ങിവന്ന് വിശ്രമിക്കും." [മുസ്‌ലിം നിവേദനം ചെയ്തത്].

ഒന്നാം ഖുതുബഉപസംഹാരം

അത്യുന്നതനായ രാജാവും, പ്രതാപിയും ഉദാരനും, സർവ്വാധിപതിയും മഹാനുമായ അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുകയും അവനെ സ്തുതിക്കുകയും ചെയ്യുന്നു. അല്ലാഹു എനിക്കും നിങ്ങൾക്കും മഹത്തായ ഈ ഖുർആനിൽ ബറക്കത്ത് ചൊരിയട്ടെ. അതിലെ ദൃഷ്ടാന്തങ്ങളും ജ്ഞാനപൂർ ണ്ണമായ ഉപദേശങ്ങളും കൊണ്ട് എനിക്കും നിങ്ങൾക്കും അവൻ ഉപകാരം ചെയ്യട്ടെ. ഞാൻ ഈ പറയുന്നതു പറയുകയും എനിക്കും നിങ്ങൾക്കും എല്ലാ പാപങ്ങളിൽ നിന്നും അല്ലാഹുവോട് പാപമോചനം തേടുകയും അവനിലേക്ക് ഖേദിച്ചു മടങ്ങുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അവനോട് പാപമോ ചനം തേടുകയും അവനിലേക്ക് തൗബ ചെയ്യുകയും ചെയ്യുക; തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

(രണ്ടാം ഖുതുബ) الخطبة الثانية

الْحَمْدُ لِلَّهِ رَبِّ العَالَمِينَ، وَأَشْهَدُ أَن لَّا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ، صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَعَلَى آلِهِ وَصَحْبِهِ أَجْمَعِينَ.

സർവ്വലോക പരിപാലകനായ അല്ലാഹുവിനാണ് സർവ്വസ്തുതിയും. ഏകനും പങ്കുകാരില്ലാത്തവനുമായ അല്ലാഹുവല്ലാതെ ആരാധനയ്ക്ക് അർഹനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി ﷺ അല്ലാഹുവി ന്റെ ദാസനും അവന്റെ ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹു അവന്റെ മേലും അദ്ദേഹത്തിന്റെ കുടുംബത്തിന്മേലും അനുചര ന്മാർ ഏവരുടെയും മേലും സ്വലാത്തും സലാമും വർഷിക്കുമാറാകട്ടെ.

തഖ്‌വയെക്കുറിച്ചുള്ള ഉപദേശവും അല്ലാഹുവിന്റെ ഇസ്തിവാഉം

അതിനുശേഷം: ഞാൻ എന്നെയും നിങ്ങളെയും അല്ലാഹുവെ ഭയപ്പെട്ട് ജീവി ക്കണം (തഖ്‌വ പുലർത്തണം) എന്ന് വസ്വിയ്യത്ത് ചെയ്യുന്നു (ഉപദേശിക്കുന്നു). കാരണം, ആര് അല്ലാഹുവെ സൂക്ഷ്മതയോടെ ഭയപ്പെടുന്നുവോ, അവൻ അവനെ സംരക്ഷിക്കുകയും ദോഷങ്ങളിൽ നിന്ന് കാത്തുരക്ഷിക്കുകയും അവന് അഭയം നൽകുകയും ചെയ്യും. അല്ലാഹു തആല അരുൾ ചെയ്തു:

{يَاأَيُّهَا الَّذِينَ آمَنُوا إِنْ تَتَّقُوا اللَّهَ يَجْعَلْ لَكُمْ فُرْقَانًا وَيُكَفِّرْ عَنْكُمْ سَيِّئَاتِكُمْ وَيَغْفِرْ لَكُمْ وَاللَّهُ ذُو الْفَضْلِ الْعَظِيمِ} [الأنفال:29].

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുന്ന പക്ഷം അവൻ നിങ്ങൾക്ക് (സത്യാസത്യങ്ങൾ) വേർതിരിച്ചു മനസ്സിലാക്കാനുള്ള കഴിവ് നൽകുകയും, നിങ്ങളുടെ തിന്മകൾ നിങ്ങളിൽ നിന്ന് മായ്ച്ചുകളയുകയും, നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യും. അല്ലാഹു മഹത്തായ അനുഗ്രഹ മുള്ളവനാകുന്നു." [സൂറത്തുൽ അൻഫാൽ: 29].

ഹേ മുസ്‌ലിംകളെ:

തീർച്ചയായും റബ്ബ് തആല തന്റെ ഗ്രന്ഥത്തിൽ വ്യക്തമാക്കിയതും, പ്രവാചക വചനങ്ങളിലൂടെ (ഹദീസുകളിലൂടെ) സ്ഥിരപ്പെട്ടു വന്നതും, അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ പണ്ഡിതന്മാർ ഏകോപിച്ചതുമായ കാര്യമാണ്; അല്ലാ ഹു തആല അവന്റെ അർശിന്മേൽ ഇസ്തിവാഅ് ചെയ്തിരിക്കുന്നു (അതാ യത്: അവൻ അത്യുന്നതനായിരിക്കുന്നു, ഉയർന്നു നിന്നിരിക്കുന്നു) എന്നത്. അത് അവന്റെ ജലാലിനും (മഹത്വത്തിനും) പ്രതാപത്തിനും അനുയോജ്യ മായ വിധത്തിലാണ്; സൃഷ്ടികളുടെ ഇസ്തിവാഅ് (ഇരുത്തം /നിൽപ്പ്) പോലെയല്ല അത്. അല്ലാഹു തആല അരുൾ ചെയ്തു:

{ لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ} [الشورى: 11].

"അവന് സദൃശമായി യാതൊന്നുമില്ല. അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു." [സൂറത്തുശ്ശൂറാ: 11].

അതിനാൽ അല്ലാഹു തആല അവന്റെ അർശിന് മുകളിൽ അത്യുന്നതനായി സ്ഥിതിചെയ്യുന്നു. അവന്റെ അർശാകട്ടെ ആകാശത്ത് അവന്റെ സൃഷ്ടിക ൾക്കെല്ലാം മുകളിലാണ്. ഇമാം ഔസാഈ (റഹിമഹുല്ലാഹ്) പറഞ്ഞു:

كُنَّا -وَالتَّابِعُونَ مُتَوَافِرُونَ- نَقُولُ: إِنَّ اللهَ عَزَّ وَجَلَّ فَوْقَ عَرْشِهِ، وَنُؤْمِنُ بِمَا وَرَدَتْ بِهِ السُّنَّةُ مِنْ صِفَاتِهِ.

"താബിഉകൾ ധാരാളമായി ജീവിച്ചിരുന്ന കാലത്ത് ഞങ്ങളെല്ലാം പറയുമാ യിരുന്നു: തീർച്ചയായും പ്രതാപിയും അത്യുന്നതനുമായ അല്ലാഹു അവന്റെ അർശിന് മുകളിലാണ്. അവന്റെ സിഫാത്തുകളെക്കുറിച്ച് (ഗുണവിശേഷ ണങ്ങളെക്കുറിച്ച്) സുന്നത്തിൽ വന്നിട്ടുള്ള കാര്യങ്ങളിലെല്ലാം ഞങ്ങൾ വിശ്വസിക്കുകയും ചെയ്യുന്നു."

ഉത്തമരായ മുൻഗാമികളുടെയും (സലഫുകളുടെയും) നാല് ഇമാമു മാരുടെയും വിശ്വാസം

ഇത് ഈ ഉമ്മത്തിലെ ഉത്തമരായ മുൻഗാമികളുടെയും (സലഫുസ്സാലിഹീ ങ്ങളുടെയും) അവർ തിരഞ്ഞെടുത്ത ശ്രേഷ്ഠ വ്യക്തികളുടെയും വിശ്വാസ മാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് നാല് ഇമാമുമാരും നിലകൊണ്ടിട്ടു ള്ളത്. ഇമാം അബൂഹനീഫ (റഹിമഹുല്ലാഹ്) പറഞ്ഞു:

(نُقِرُّ بِأَنَّ اللَّهَ تَعَالَى عَلَى الْعَرْشِ اسْتَوَى مِنْ غَيْرِ أَنْ يَكُونَ لَهُ حَاجَةٌ)

"അല്ലാഹു തആലക്ക് യാതൊരുവിധ ആവശ്യവുമില്ലാത്ത നിലയിൽ അവൻ അർശിന്മേൽ ഇസ്തിവാഅ് ചെയ്തിരിക്കുന്നു എന്ന് നാം സ്ഥിരീകരിച്ച് സാക്ഷ്യം വഹിക്കുന്നു."

ഇമാം മാലിക് (റഹിമഹുല്ലാഹ്) യോട് ചോദിക്കപ്പെട്ടു: "അവൻ എങ്ങനെ യാണ് ഇസ്തിവാഅ് ചെയ്തത് (സിംഹാസനസ്ഥനായത്)?" അപ്പോൾ അദ്ദേഹം പറഞ്ഞു:

اسْتِوَاؤُهُ مَعْقُولٌ، وَكَيْفِيَّتُهُ مَجْهُولَةٌ، وَسُؤَالُكَ عَنْ هَذَا بِدْعَةٌ

"ഇസ്തിവാഅ് എന്നത് (ഭാഷാപരമായി) അറിയപ്പെട്ടതാണ്. എന്നാൽ അത് എങ്ങനെയാണെന്ന അവസ്ഥ (കൈഫിയ്യത്ത്) നമുക്ക് അജ്ഞാതമാണ്. ഇതിനെക്കുറിച്ച് ചോദിക്കുന്നത് ബിദ്അത്തുമാണ് (അനാചാരമാണ്)."

ഇമാം ഷാഫിഈ (റഹിമഹുല്ലാഹ്) പറഞ്ഞു:

(الْقَوْلُ فِي السُّنَّةِ الَّتِي أَنَا عَلَيْهَا، وَرَأَيْتُ عَلَيْهَا الَّذِينَ رَأَيْتُهُمْ مِثْلَ سُفْيَانَ وَمَالِكٍ وَغَيْرِهِمَا: الْإِقْرَارُ بِشَهَادَةِ أَن لَّا إِلَهَ إِلَّا اللَّهُ، وَأَنَّ مُحَمَّدًا رَسُولُ اللَّهِ، وَأَنَّ اللَّهَ عَلَى عَرْشِهِ فِي سَمَائِهِ).

"ഞാൻ ഏതൊരു സുന്നത്തിന്റെ (വിശ്വാസത്തിന്റെ) മേലാണോ ഉള്ളത്, ഞാൻ കണ്ടുമുട്ടിയ സുഫ്യാൻ, മാലിക് തുടങ്ങിയ പണ്ഡിതന്മാർ ഏതൊരു വിശ്വാസത്തിലാണോ നിലകൊണ്ടിരുന്നത്, അതിലെ നിലപാട് ഇതാണ്: അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണെന്നുമുള്ള ശഹാദത്ത് കലിമ പ്രഖ്യാപിക്കുക, കൂടാതെ അല്ലാഹു അവന്റെ ആകാശത്ത് അവന്റെ അർശിന് മുകളിലാണ് എന്ന് സ്ഥിരീകരിക്കുക എന്നിവയാണത്."

ഇമാം അഹ്മദ് ബിൻ ഹൻബൽ (റഹിമഹുല്ലാഹ്) പറഞ്ഞു:

وَقَدْ عَرَفَ أَهْلُ الْعِلْمِ أَنَّ فَوْقَ السَّمَاوَاتِ السَّبْعِ: الْكُرْسِيَّ وَالْعَرْشَ وَاللَّوْحَ الْمَحْفُوظَ.

"ഏഴ് ആകാശങ്ങൾക്ക് മുകളിലായി കുർസിയ്യിയും, അർശും, ലൗഹുൽ മഹ്ഫൂദും ഉണ്ടെന്ന് അറിവുള്ളവർ മനസ്സിലാക്കിയിട്ടുണ്ട്."

അതിനാൽ, അല്ലാഹുവിന്റെ കിതാബിനെയും അവന്റെ റസൂലിന്റെ സുന്നത്തിനെയും മുറുകെപ്പിടിച്ചവനാണ് യഥാർത്ഥ ഭാഗ്യവാൻ. അല്ലാഹു തആല തന്നെക്കുറിച്ച് വിശേഷിപ്പിച്ച കാര്യങ്ങളിലും, അവന്റെ റസൂൽ ﷺ അവനെക്കുറിച്ച് അറിയിച്ചുതന്ന കാര്യങ്ങളിലും അവൻ വിശ്വസിക്കുകയും, നബി ﷺ യും അവിടുത്തെ സ്വഹാബികളും (റളിയള്ളാഹു അന്ഹും) നില കൊണ്ട വഴിയിൽ യാതൊരുവിധ മാറ്റത്തിരുത്തലുകളും (തഹ്രീഫ്), നിഷേ ധിക്കലുകളും (തഅ്തീൽ), രൂപം കൽപ്പിക്കലുകളും (തക്യീഫ്), ഉപമിക്ക ലുകളും (തംസീൽ) കൂടാതെ ഉറച്ചുനിൽക്കുകയും ചെയ്തവനാണ് അവൻ.

പ്രാർത്ഥന (ദുആ)

اللَّهُمَّ اغْفِرْ لِلْمُسْلِمِينَ وَالْمُسْلِمَاتِ؛ الْأَحْيَاءِ مِنْهُمْ وَالْأَمْوَاتِ،

അല്ലാഹുവേ, മുസ്‌ലിംകളായ പുരുഷന്മാർക്കും സ്ത്രീകൾക്കും നീ പൊറുത്തു നൽകേണമേ; അവരിൽ ജീവിച്ചിരിക്കുന്നവർക്കും മരണ പ്പെട്ടവർക്കും.

رَبَّنَا ارْفَعْ عَنَّا الْبَلَاءَ وَالْوَبَاءَ، وَالضَّرَّاءَ وَالْبَأْسَاءَ، وَأَدِمْ عَلَيْنَا النِّعَمَ، وَادْفَعْ عَنَّا النِّقَمَ، وَزَكِّ نُفُوسَنَا أَنْتَ خَيْرُ مَنْ زَكَّاهَا،

ഞങ്ങളുടെ റബ്ബേ, ഞങ്ങളിൽ നിന്ന് പരീക്ഷണങ്ങളും പകർച്ചവ്യാധികളും കഷ്ടപ്പാടുകളും പ്രയാസങ്ങളും നീ നീക്കേണമേ. ഞങ്ങളിൽ അനുഗ്രഹങ്ങളെ നീ നിലനിർത്തേണമേ, വിപത്തുകളെ നീ തടുക്കേണമേ. ഞങ്ങളുടെ ആത്മാക്കളെ നീശുദ്ധീകരിക്കേണമേ,നീയാണ്അതിനെഏറ്റവുംനന്നായിശുദ്ധീകരിക്കുന്നവൻ.

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ،

ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്ക് ഈ ദുനിയാവിൽ നന്മ നൽകേണമേ, പരലോക ത്തിലും നന്മ നൽകേണമേ. നരകശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാത്തുരക്ഷി ക്കേണമേ.

اللَّهُمَّ احْفَظِ الْكُوَيْتَ وَأَهْلَهَا مِنْ كُلِّ شَرٍّ وَمَكْرُوهٍ، وَاجْعَلْ هَذَا الْبَلَدَ آمِنًا مُطْمَئِنًّا وَسَائِرَ بِلَادِ الْمُسْلِمِينَ،

അല്ലാഹുവേ, കുവൈത്തിനെയും അതിന്റെ ജനങ്ങളെയും എല്ലാ തിന്മകളിൽ നിന്നും ദോഷങ്ങളിൽ നിന്നും നീ കാത്തുരക്ഷിക്കേണമേ. ഈ നാടിനെയും മറ്റെല്ലാ മുസ്‌ലിം നാടുകളെയും സമാധാനവും ശാന്തിയുമുള്ളതാക്കേണമേ.

اللَّهُمَّ احْفَظْ إِخْوَتَنَا مِنَ الْمُرَابِطِينَ وَقُوَى الْأَمْنِ وَالدِّفَاعِ وَالْحَرَسِ الْوَطَنِيِّ وَجَمِيعَ الْقَائِمِينَ عَلَى أَمْنِ الْبِلَادِ، وَثَبِّتِ الْأَرْضَ تَحْتَ أَقْدَامِهِمْ،

അല്ലാഹുവേ, അതിർത്തി കാക്കുന്ന ഞങ്ങളുടെ സഹോദരങ്ങളെയും സുരക്ഷാ സേനയെയും പ്രതിരോധ സേനയെയും നാഷണൽ ഗാർഡിനെയും രാജ്യത്തി ന്റെ സുരക്ഷയ്ക്കായി നിലകൊള്ളുന്ന ഏവരെയും നീ കാത്തുരക്ഷിക്കേണമേ. അവരുടെ പാദങ്ങളെ നീ ഉറപ്പിച്ചു നിർത്തേണമേ.

اللَّهُمَّ وَفِّقْ أَمِيرَنَا وَوَلِيَّ عَهْدِهِ لِمَا تُحِبُّ وَتَرْضَى، وَخُذْ بِنَوَاصِيهِمَا لِلْبِرِّ وَالتَّقْوَى، وَآخِرُ دَعْوَانَا أَنِ الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ.

അല്ലാഹുവേ, ഞങ്ങളുടെ അമീറിനും അദ്ദേഹത്തിന്റെ വലിയ്യുൽ അഹ്ദിനും (കിരീടാവകാശിക്ക്) നീ ഇഷ്ടപ്പെടുന്നതും തൃപ്തിപ്പെടുന്നതുമായ കാര്യങ്ങൾ ക്ക് തൗഫീഖ് നൽകേണമേ. നന്മയിലേക്കും തഖ്‌വയിലേക്കും അവരുടെ മുൻ കുടുമകളെ നീ നയിക്കേണമേ. ഞങ്ങളുടെ പ്രാർത്ഥനയുടെ അവസാനം സർവ്വ ലോക പരിപാലകനായ അല്ലാഹുവിനാണ് സർവ്വസ്തുതിയും എന്നതാകുന്നു.

****

വെള്ളിയാഴ്ച നമസ്കാരത്തിനായുള്ള മാതൃകാ ഖുതുബ തയ്യാറാക്കുന്ന കമ്മിറ്റി